## 706

ജീവകിരീടത്തിൻ കല്ലുകളിൽ കാണുന്ന ഞാനൊരു വൈരമിതാ
യേശുവിൻ കാൽകളെ പിന്തുടരും ദാസരെന്നും പെടും പാടുതന്നെ

1 ക്രിസ്തുവിൻ നാമത്തിലേറ്റിടുന്ന കഷ്ടതയ്ക്കില്ലൊരു നഷ്ടമൽപ്പം
സുസ്ഥിരലോകത്തിന്നോഹരിക്ക് സത്യമായിട്ടിതു പുഷ്ടി നൽകും-

2 മർത്ത്യജഡം നശിച്ചിടുന്നതീ പൃഥ്വിയിൽ നമ്മുടെ ഭാഗ്യമല്ലോ
പുത്തനുടുപ്പുകൾ കിട്ടുംവരെ കഷ്ടതയാകിലും കാത്തിരിക്കാം-

3 മൺമയമാകിന വാസസ്ഥലം വിണ്ണവൻ നീക്കുന്ന നാളിലെന്റെ
പൊന്മയമാം ദിവ്യകൂടാരത്തിൽ ചെമ്മയായ് നിത്യവും വാണുകൊള്ളാം

4 അസ്ഥികളാകവേ കത്തികൊണ്ട് വെട്ടിനുറുക്കിലും ചേർത്തണച്ചു
അഗ്നികൊണ്ടായവ ചുട്ടെന്നാലും നിത്യഭുജമെന്നെത്താങ്ങുമെന്നും-

5 ക്രിസ്തുവിൻ ക്ലേശത്തിൽ പെട്ടിടാതെ വിട്ടുള്ള പാടുകളെന്നുടലിൽ
പെട്ടവ പൂർത്തിയായ്തീരും വരെ കഷ്ടത താൻ മമ കൂട്ടുസഖി-

6 യേശുവിൻ ദിവ്യമാം ജീവനെന്റെ നാശമയമായ ദേഹമതിൽ
ആശു വെളിപ്പെടുന്നാകിൽ തിരശ്ശീലയാമീയുടലെന്തെനിക്ക്?- **K.V.S.**